പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 340

# 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 340

# 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

# 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ആക്റ്റ് എന്നു പേര് പറയാം.

(2) ഇത് 2010 ജനുവരി 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 9-ാം വകുപ്പിന്റെ ഭേദഗതി.—1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിന്റെ (1974-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 9-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) നാൽപ്പത് ആറിൽ കൂടുതൽ വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ള ഓരോ ഭൂവുടമയും അയാൾ നാൽപ്പത് ആറിൽ കൂടുതലായോ അതിന്റെ ഭാഗമായോ കൈവശം വച്ചിട്ടുള്ള ഭൂമിയ്ക്ക് പ്രതിവർഷം ഓരോ ആറിനും ഇരുപത്തിയഞ്ച് പൈസ എന്ന നിരക്കിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.".

(ii) (3)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) രജിസ്റ്റർ ചെയ്ത കർഷകത്തൊഴിലാളികൾ ഓരോ സാമ്പത്തിക വർഷവും നൽകുന്ന അംശദായത്തിനു തുല്യമായ ഒരു തുക സർക്കാർ വർഷംതോറും, ഗ്രാന്റായി നിധിയിലേക്ക് നൽകേണ്ടതാണ്.".

572/2010.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 14) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിലെ (1974-ലെ 18) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, അര ഹെക്ടറിൽ കൂടുതലും എന്നാൽ ഒരു ഹെക്ടറിൽ കുറയാതെയും വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ള ഓരോ ഭൂവുടമയും തന്റെ കൈവശമുള്ള ഭൂമിക്ക് പ്രതിവർഷം പത്തുരൂപാ നിരക്കിലും ഒരു ഹെക്ടറോ അതിൽ കൂടുതലോ വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ളവർ തന്റെ കൈവശമുള്ള ഭൂമിക്ക് ഒരു ഹെക്ടറിനോ അതിന്റെ ഭാഗത്തിനോ പ്രതിവർഷം പതിനഞ്ച് രൂപാ നിരക്കിലും നിധിയിലേക്ക് അംശദായം നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. രൂപയുടെ ഇപ്പോഴത്തെ മൂല്യം കണക്കാക്കുമ്പോൾ, മുപ്പത് വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച നിരക്ക് വളരെ കുറവും, ഭൂമിയുടെ വിഭജനവും, ഛിന്നഭിന്നമാക്കലുംമൂലം അംശദായം അടയ്ക്കാൻ അർഹതയുള്ള ഭൂവുടമകളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്തു. കൂടാതെ കർഷക തൊഴിലാളികൾക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നതായ ആനുകൂല്യങ്ങൾ പരിഗണിക്കുമ്പോൾ, പദ്ധതിയിലെ വ്യവസ്ഥകളനുസരിച്ചുള്ള വിവിധ ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിനായി ഭൂവുടമകളുടെ അംശദായത്തിന്റെ നിലവിലുള്ള നിരക്ക് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അതിനാൽ നിധിയിലേക്ക് ഭൂവുടമകൾ നൽകേണ്ടതായ അംശദായം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആക്റ്റിലെ ബന്ധപ്പെട്ട വ്യവസ്ഥ ഉചിതമായി ഭേദഗതി ചെയ്യേണ്ടത് ആവശ്യമായി കാണുന്നു.

കൂടാതെ, കേരള കർഷക തൊഴിലാളി ക്ഷേമനിധിയിലേക്ക് സർക്കാരിൽ നിന്നും അംശദായം നൽകുന്നതിന് 1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിൽ വ്യവസ്ഥയില്ല. ഇപ്പോൾ, പദ്ധതിയിൻ കീഴിൽ തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിന് നിധിയിലെ വരുമാനം അപര്യാപ്തമാണ്. ആനുകൂല്യങ്ങൾ നൽകുന്നതിന് ഭീമമായ ഒരു തുക കുടിശ്ശികയായി നിലവിലുണ്ട്. ആയതിനാൽ തൊഴിലാളികൾ നിധിയിലേക്ക് നൽകുന്ന അംശദായത്തിനു തുല്യമായ ഒരു തുക വർഷം തോറും സർക്കാർ വിഹിതമായി നൽകുന്നതിനും അതനുസരിച്ച് 1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഓരോ സാമ്പത്തിക വർഷവും, രജിസ്റ്റർ ചെയ്ത കർഷക തൊഴിലാളികൾ നൽകുന്ന അംശദായത്തിനു തുല്യമായ ഒരു തുക നിധിയിലേയ്ക്ക് ഗ്രാന്റായി സർക്കാർ നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട്, 1974-ലെ കേരള കർഷക തൊഴിലാളി

ആക്റ്റിലെ 9-ാം വകുപ്പിന് (4)-ാം ഉപവകുപ്പ് കൂട്ടിച്ചേർക്കുക എന്നതാണ് ഈ ബില്ലിലെ 2-ാം ഖണ്ഡത്തിന്റെ (ii)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നത്. രജിസ്റ്റർ ചെയ്ത കർഷക തൊഴിലാളികളിൽ നിന്ന് ഈ സാമ്പത്തിക വർഷം 6 കോടി രൂപ നിധിയിലേയ്ക്കുള്ള അംശദായമായി സമാഹരിക്കപ്പെടും എന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെയാണെങ്കിൽ, സർക്കാർ ഈ സാമ്പത്തിക വർഷം 6 കോടി രൂപ കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകേണ്ടതായി വരും. തുടർന്ന് 6 കോടി രൂപയിൽ കുറയാത്ത തുക ആവർത്തക വാർഷിക ചെലവായി വേണ്ടിവരുന്നതാണ്.

പി. കെ. ഗുരുദാസൻ

(ശരിത്തർജ്ജമ)

## 1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1974-ലെ 18)

** ** ** **

9. നിധിയിലേക്കുള്ള അംശദായം.—(1) അര ഹെക്ടറിൽ കൂടുതലും എന്നാൽ ഒരു ഹെക്ടറിൽ കുറവും വിസ്തൃതിയുള്ള കൃഷി ഭൂമി കൈവശമുള്ള ഓരോ ഭൂവുടമയും തന്റെ കൈവശമുള്ള ഭൂമിക്ക് പ്രതിവർഷം പത്തുരൂപ നിരക്കിലും ഒരു ഹെക്ടറോ അതിൽ കൂടുതലോ വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ളയാൾ തന്റെ കൈവശമുള്ള ഭൂമിക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിൽ ഒരു ഹെക്ടറിനോ അതിന്റെ ഭാഗത്തിനോ പ്രതിവർഷം പതിനഞ്ചു രൂപ നിരക്കിലും നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(2) രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ കർഷക തൊഴിലാളിയും പ്രതിമാസം രണ്ടു രൂപ നിരക്കിൽ നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(3) ഭാരത സർക്കാരോ സംസ്ഥാന സർക്കോരോ തദ്ദേശ സ്വയംഭരണസ്ഥാപനമോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനമോ നൽകുന്ന ഏതെങ്കിലും കടമോ ഗ്രാന്റോ മുൻകൂറോ നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

ഏതെങ്കിലും അധികാരസ്ഥാനമോ സ്ഥാപനമോ നൽകിയ കടമോ ഗ്രാന്റോ മുൻകൂറോ അത് ഏത് ആവശ്യത്തിലേക്കാണോ നൽകപ്പെട്ടത് ആ ആവശ്യത്തിനല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടുള്ളതല്ല.

** ** ** **